## പത്ര പ്രസ്താവന

## അവശകായികതാരങ്ങൾക്കുള്ള പെൻഷൻ

ജീവിത ക്ളേശമനുഭവിക്കുന്ന മുൻ കായികതാരങ്ങൾക്ക് അവശ കായികതാര പെൻഷൻ നൽകുന്ന പദ്ധതി അനുസരിച്ച് പെൻഷൻ നൽകാനുള്ള 2021 -22 വർഷത്തേക്കുള്ള അപേക്ഷ സംസ്ഥാന സ്പോർട്സ് കൗൺസിൽ ക്ഷണിക്കുന്നു.

കായികരംഗങ്ങളിൽ ശ്രദ്ധേയമായ സംഭാവന നൽകിയവരും ഇപ്പോൾ സാമ്പത്തി ബുദ്ധിമുട്ട് അനുഭവിക്കുന്നവരും 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരും പ്രതിവർഷം 1,00,000 /-രൂപയിൽ കൂടുതൽ വരുമാനം ഇല്ലാത്തവരുമായിരിക്കണം അപേക്ഷകർ. കായികരംഗത്തു ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം സെക്രട്ടറി ,കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ,തിരുവനന്തപുരം -1 എന്ന വിലാസത്തിൽ 2023 ജനുവരി 23 -ന് മുൻപായി ലഭിക്കുന്ന വിധം അപേക്ഷിക്കണം. അപേക്ഷയുടെ പകർപ്പ് അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്കും നൽകേണ്ടതാണ് .2023 - ജനുവരി 23 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല. .അപേക്ഷ ഫോറങ്ങളും വിശദവിവരങ്ങളും,ജില്ലാ സ്പോർട്സ് കൗൺസിലുകളിലും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും ലഭ്യമാണ് .

താഴെ പറയുന്ന കായിക യോഗ്യതകളാണ് പെൻഷൻ നൽകാൻ നിശ്ചയിച്ചിട്ടുള്ളത് .

60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അന്തർജില്ലാ /സംസ്ഥാന തല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്തു ഒന്നോ ,രണ്ടോ ,മൂന്നോ സ്ഥാനങ്ങൾ നേടിയിരിക്കണം .

കളരിപ്പയറ്റ് അഭ്യാസികൾ അന്തർ ജില്ലാ /സംസ്ഥാന തലമത്സരങ്ങളിൽ പങ്കെടുത്തിരിക്കണം

സെക്രട്ടറി